REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-07-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ ചൈനീസ് പ്രസിഡന്റ് ഷീ ജിൻ പിങ്- നേയും ഷാംഹായ് സഹകരണ സംഘടനാ അംഗങ്ങളേയും സന്ദർശിച്ചു.**
- **വൈദ്യുതി ഉൽപ്പാദന ശേഷിയുടെ 50 ശതമാനം ഫോസിൽ ഇന്ധനേതര സ്രോതസ്സുകളിൽ നിന്ന് ലഭ്യമാക്കാൻ ഇന്ത്യക്ക് കഴിഞ്ഞതായി കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി.**
- **സ്കൂൾ സമയക്രമം തീരുമാനിക്കുന്നതിൽ മതസംഘടനകൾ ഇടപെടുന്നത് ശരിയല്ലെന്ന്  മന്ത്രി V ശിവൻകുട്ടി.**
- **പി എം കുസും പദ്ധതിയിൽസംസ്ഥാന വൈദ്യുതി വകുപ്പ് കോടികളുടെ വെട്ടിപ്പ് നടത്തിയതായി മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല.**
- **ജപ്പാൻ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിന് ടോക്കിയോയിൽ ഇന്ന് തുടക്കമാകും.**

## വാർത്തകൾ വിശദമായി

വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ ചൈനീസ് പ്രസിഡന്റ് ഷീ ജിൻ പിങ്- നേയും ഷാംഹായ് സഹകരണ സംഘടനാ അംഗങ്ങളേയും സന്ദർശിച്ചു. ഇന്ത്യ-ചൈന ഉഭയകക്ഷി ബന്ധത്തിലെ സമീപകാല സംഭവ വികാസങ്ങളെക്കുറിച്ച് ചൈനീസ് പ്രസിഡന്റിനെ അറിയിച്ചതായി ഡോ. ജയശങ്കർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. കൂടിക്കാഴ്ച്ചയ്ക്കിടെ രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെയും പ്രധാനമന്ത്രി നരേന്ദ്രമോദിയുടേയും ആശംസകൾ ചൈനീസ് പ്രസിഡന്റിനെ അറിയിച്ചതായും ഡോ. ജയശങ്കർ പറഞ്ഞു

✪✪✪

ഊർജ്ജ പരിവർത്തന യാത്രയിൽ രാജ്യം  സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. മൊത്തം സ്ഥാപിത വൈദ്യുതി ഉൽപ്പാദന ശേഷിയുടെ 50 ശതമാനം ഫോസിൽ ഇന്ധനേതര സ്രോതസ്സുകളിൽ നിന്ന് ലഭ്യമാക്കിയാണ് ഇന്ത്യ നേട്ടം കൈവരിച്ചത്. ലക്ഷ്യമിട്ടതിലും അഞ്ച് വർഷം മുമ്പ് തന്നെ ഈ നേട്ടം സ്വന്തമാക്കാൻ രാജ്യത്തിന് സാധിച്ചെന്ന് കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി പറഞ്ഞു.

കാലാവസ്ഥാ പ്രവർത്തനങ്ങളോടും സുസ്ഥിര വികസനത്തോടും രാജ്യത്തിന്റെ അചഞ്ചലമായ പ്രതിബദ്ധത അടയാളപ്പെടുത്തുന്നതാണ് ഈ നേട്ടമെന്ന് വിലയിരുത്തപ്പെടുന്നു. 2030-ഓടെ കൈവരിക്കേണ്ട 50 ശതമാനം ഫോസിൽ ഇന്ധന ഇതര ശേഷി അഞ്ച് വർഷം മുമ്പേ നേടിയത് ഓരോ ഇന്ത്യക്കാരനും അഭിമാനിക്കാവുന്ന നിമിഷമാണെന്നും കാലാവസ്ഥാ പരിഹാരങ്ങൾ തേടുന്ന ലോകത്തിന് ഇന്ത്യ വഴികാട്ടുകയാണെന്നും കേന്ദ്ര മന്ത്രി പ്രഹ്ലാദ് ജോഷി പറഞ്ഞു.

✪✪✪

സ്വാതന്ത്ര്യസമര സേനാനിയും തമിഴ്നാട് മുൻ മുഖ്യമന്ത്രിയുമായ കാമരാജിന്റെ ജയന്തി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആദരം അർപ്പിച്ചു. സ്വാതന്ത്ര്യാനന്തര ഭാരത രൂപീകരണത്തിന് അതുല്യ സംഭാവന നൽകിയ നേതാക്കളിൽ പ്രമുഖനായിരന്നു കാമരാജെന്ന് അദ്ദേഹം അനുസ്മരിച്ചു. കാമരാജിന്റെ ആദർശ ശുദ്ധിയും സാമൂഹ്യനീതിബോധവും പിൻകാല തലമുറകൾക്ക് പ്രചോദനമായതായി പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. സൗജന്യ വിദ്യാഭ്യാസം, സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി എന്നിവയ്ക്ക് തുടക്കമിട്ടത് കാമരാജായിരുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. 1976 ൽ മരണനാന്തരം ഭാരത രത്ന പുരസ്കാരം നൽകി രാജ്യം കാമരാജിനെ ആദരിച്ചതായും നരേന്ദ്രമോദി അനുസ്മരിച്ചു.

✪✪✪

ഒഡീഷയിലെ ബാലസോറിൽ പീഡനത്തെ തുടർന്ന് തീ കൊളുത്തി മരിച്ച കോളജ് വിദ്യാർത്ഥിനിയുടെ കുടുംബത്തിന് മുഖ്യമന്ത്രി മോഹൻ ചരൺ മാജി 20 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. സംഭവത്തെക്കുറിച്ച് സമഗ്രമായ അന്വേഷണ ത്തിനും മുഖ്യമന്ത്രി നിർദേശിച്ചു.

✪✪✪

ദേശീയ സ്റ്റാർട്ട് അപ്പ് അവാർഡുകൾക്ക് വ്യവസായ-ആഭ്യന്തര-വ്യാപാര പ്രോത്സാഹന വകുപ്പ് അപേക്ഷ ക്ഷണിച്ചു. കൃഷി, ശുദ്ധോർജ്ജം, ഫിൻ-ടെക്, എയ്റോസ്പേയ്സ്, ആരോഗ്യം, വിദ്യാഭ്യാസം, സൈബർ സുരക്ഷ എന്നിവയുൾപ്പെടെ വിഭാഗങ്ങളിലാണ് അവാർഡ് നൽകുന്നത്.

✪✪✪

CSR ഫണ്ട് അഴിമതിക്കേസിൽ കേരള ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് CN രാമചന്ദ്രൻനായരുടെ പേര് ഒഴിവാക്കിയതിനെതിരെ സമർപ്പിച്ച ഹർജി സുപ്രീംകോടതി തള്ളി. പ്രതിപട്ടികയിൽ നിന്ന് രാമചന്ദ്രൻനായരെ ഒഴിവാക്കാൻ അന്വേഷണ ഉദ്യോഗസ്ഥന് നിർദേശം നൽകിയ ഹൈക്കോടതി ഉത്തരവിനെതിരെ നൽകിയ ഹർജിയാണ് സുപ്രീംകോടതി തള്ളിയത്.

✪✪✪

അനർട്ടിലെ PM കുസും പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച ആരോപണങ്ങൾ ചർച്ച ചെയ്യാമെന്ന മന്ത്രി K കൃഷ്ണൻകുട്ടിയുടെ നിലപാട് ഭേദഗതിയോടെ സ്വീകരിക്കുന്നതായി കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല കോഴിക്കോട്ട് പറഞ്ഞു. ചർച്ച പൊതുജനസമക്ഷമാകണമെന്ന് ചെന്നിത്തല നിർദേശിച്ചു.

അഞ്ചു കോടി രൂപ വരെ മാത്രം ടെൻഡർ വിളിക്കാൻ അർഹതയുണ്ടായിരുന്ന അനെർട്ട് 240 കോടി രൂപയുടെ ടെൻഡർ വിളിച്ചത് മന്ത്രി അറിഞ്ഞാണോ എന്ന് വ്യക്തമാക്കണമെന്ന് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു. മന്ത്രിയുടെയോ വകുപ്പിന്റെയോ പ്രത്യേകാനുമതി ഇതിന് വാങ്ങിയിരുന്നോവെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടു നടപടിയെടുത്തില്ലെന്നും അദ്ദേഹം ചോദിച്ചു.

മന്ത്രിയുടെ കൈകൾ ശുദ്ധമാണെങ്കിൽ അനർട്ടിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ മുഴുവൻ ഇടപാടുകളും ഫോറൻസിക് ഓഡിറ്റിന് വിധേയമാക്കണമെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

✪✪✪

സ്കൂൾ സമയമാറ്റത്തിൽ സംസ്ഥാന ഗവൺമെന്റ് എടുത്ത തീരുമാനത്തിൽ നിന്ന് പിന്നാക്കം പോകില്ലെന്ന് മന്തി V ശിവൻകുട്ടി വ്യക്തമാക്കി. ഇക്കാര്യത്തിൽ എതിർപ്പ് പ്രകടിപ്പിച്ചവരുമായി ചർച്ച നടത്തുമെന്നും, ചർച്ച തീരുമാനം മാറ്റാനല്ലെന്നും കാര്യങ്ങൾ ബോധ്യപ്പെടുത്താനാണെന്നും മന്ത്രി കണ്ണൂരിൽ പറഞ്ഞു. മത സംഘടനകൾ ഇത്തരം കാര്യങ്ങളിൽ ഇടപെടാൻ പാടില്ലെന്നും മന്ത്രി പറഞ്ഞു.

✪✪✪

കീം പരീക്ഷ  റാങ്ക് ലിസ്റ്റ് റദ്ദാക്കിയ ഹൈക്കോടതി ഉത്തരവിനെതിരെ സമർപ്പിച്ച ഹർജികൾ സുപ്രീം കോടതി ഇന്ന് പരിഗണിച്ചേക്കും. പുതുക്കിയ റാങ്ക് പട്ടികക്കെതിരെ കേരള സിലബസ് വിദ്യാർഥികൾ നൽകിയ ഹർജിയും, CBSE വിദ്യാർഥികളുടെ  തടസ്സ ഹർജികളും  സുപ്രീം കോടതി പരിഗണിച്ചേക്കും.

✪✪✪

ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല ഉൾപ്പടെ ആക്സിയം-4 ദൗത്യ സംഘം ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് മൂന്നോടെ ഭൂമിയിൽ തിരിച്ചെത്തും. US ലെ കാലിഫോർണിയ തീരത്ത് ശാന്തസമുദ്രത്തിൽ പേടകം സ്പ്ലാഷ്  ലാൻഡിംഗ് നടത്താനാണ് നാസയുടെ തീരുമാനം.  സംഘം  ഇന്നലെ ഭ്രമണപഥത്തിലെ   ബഹിരാകാശ നിലയത്തിൽ നിന്ന് SpaceX ഡ്രാഗണിലാണ് യാത്ര തിരിച്ചത്.

18 ദിവസത്തെ ബഹിരാകാശ വാസത്തിനിടെ ഇന്ത്യയ്ക്ക് വേണ്ടി പ്രത്യേകമായി ഏഴ് പരീക്ഷണങ്ങൾ ശുഭാംശു ശുക്ല നടത്തി. കഴിഞ്ഞ മാസം  25 നാണ് ആക്സിയം-4 ദൗത്യത്തിന്റെ ബഹിരാകാശ യാത്ര ആരംഭിച്ചത്.ബഹിരാകാശത്തേക്ക് പോകുന്ന രണ്ടാമത്തെ ഇന്ത്യക്കാരനാണ് ഗ്രൂപ്പ് ക്യാപ്റ്റൻ ശുക്ല.

✪✪✪

പാലക്കാട്ട് നിപ റിപ്പോർട്ട് ചെയ്ത രണ്ടാമത്തെ വ്യക്തിയുടെ സമ്പർക്ക പട്ടികയിൽ 112 പേർ ഉൾപ്പെട്ടിരിക്കുന്നതായി  മന്ത്രി വീണാ ജോർജ് അറിയിച്ചു. രോഗിയുടെ   വിവരങ്ങൾ ശേഖരിച്ച് റൂട്ട് മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. മേഖലയിൽ കണ്ടൈൻമെന്റ് സോൺ പ്രഖ്യാപിച്ച് ഫീൽഡ്തല പ്രവർത്തനങ്ങളും പനി നീരീക്ഷണവും ശക്തമാക്കി.

സംസ്ഥാനത്ത് മൊത്തം 609 പേരാണ് നിപ സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്.  മലപ്പുറം ജില്ലയിൽ 207 പേരും, പാലക്കാട് 286 പേരും, കോഴിക്കോട് 114 പേരും എറണാകുളത്ത് രണ്ടു പേരുമാണ് സമ്പർക്കപ്പട്ടികയിൽ.

✪✪✪

VC- മാരുടെ നിയമനം സംബന്ധിച്ച് ഹൈക്കോടതി വിധി വന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പുതിയ നിർദേശങ്ങൾ വരുമെന്ന് മന്ത്രി P. രാജീവ് പറഞ്ഞു. ഗവൺമെന്റ് നൽകിയ പാനലിൽ നിന്ന് വേണം താൽകാലിക VC-മാരെ നിയമിക്കേണ്ടതെന്ന് കോടതി നിഷ്കർഷിച്ചിട്ടുണ്ടെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

ആരോഗ്യരംഗം പോലെ ഉന്നതവിദ്യാഭ്യാസരംഗവും അപകടകരമായ നിലയിലെത്തിയിരിക്കുകയാണെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ കുറ്റപ്പെടുത്തി. ഗവണ്മെന്റ് ഇക്കാര്യത്തിൽ ഒന്നും ചെയ്യുന്നില്ലെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ജപ്പാൻ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിന് ടോക്കിയോയിൽ ഇന്ന് തുടക്കം. ഇന്ത്യൻ പ്രതീക്ഷയായ സാത്വിക് സായിരാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം കൊറിയൻ ജോഡികളായ കാങ് മിൻ ഹ്യൂക്ക് കി ഡോങ് ജുവ് സഖ്യത്തിനെതിരെ എതിരെ നാളെയിറങ്ങും.ഈ വർഷത്തെ ആദ്യ കിരീടം ലക്ഷ്യമിട്ടാണ് താരങ്ങൾ ഇറങ്ങുന്നത്. സിംഗിൾസിൽ, ലക്ഷ്യ സെന്നും പിവി സിന്ധുവും ഫോം വീണ്ടെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

✪✪✪

ഫിഡെ വനിതാ ലോകകപ്പ് ചെസിൽ ഇന്ത്യയുടെ R വൈശാലിയും, ഹരിക ദ്രോണവല്ലിയും പ്രീക്വാർട്ടറിൽ പ്രവേശിച്ചു. കൊനേരു ഹംപിയും, ദിവ്യ ദേശ്മുഖും നേരത്തെ തന്നെ പ്രീക്വാർട്ടർ യോഗ്യത നേടിയിരുന്നു.

✪✪✪

പശ്ചിമഘട്ട മലനിരകളിലെ ജന്തുവൈവിധ്യത്തെ സമ്പന്നമാക്കുന്ന കാട്ടുപട്ടികൾ മൂന്നാറിലെ സൈലന്റ് വാലിയിലിറങ്ങി.

ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണയുടെ റിപ്പോർട്ട്..

..........വോയ്സ്........

മിക്കപ്പോഴും കൂട്ടമായിട്ട് മാത്രം സഞ്ചരിക്കുന്ന കാട്ടുപട്ടികൾക്ക് ചെന്നായ്ക്കളോട് സാമ്യമുണ്ട്.

പശ്ചിമഘട്ട മലനിരകളുടെ ഭാഗമായ മൂന്നാർ മേഖലയിലും കാട്ടുപട്ടികളുടെ സാന്നിധ്യം കണ്ടെത്തി. മൂന്നാർ സൈലന്റ് വാലിയിലാണ് കഴിഞ്ഞ ദിവസം കാട്ടുപട്ടികൾ കൂട്ടമായി എത്തിയത്.

മൂന്നാർ മേഖലയിൽ മനുഷ്യർക്ക് നേരെ കാട്ടുപട്ടികളുടെ ആക്രമണം ഉണ്ടായിട്ടില്ല. എന്നാൽ ഏതാനും നാളുകൾക്ക് മുമ്പ് വട്ടവട മേഖലയിൽ കാട്ടുപട്ടികൾ മൃഗങ്ങളെ ആക്രമിച്ച് കർഷകർക്ക് വലിയ നഷ്ടം വരുത്തിയിരുന്നു. രണ്ട് ദിവസങ്ങളിലായി അന്നുണ്ടായ ആക്രമണത്തിൽ അമ്പതിലധികം ആടുകളാണ് ചത്തു വീണത്. വളരെ വേഗത്തിൽ ഇരകളെ

കൊന്ന് വേട്ടയാടുന്നതാണ് കാട്ടുപട്ടികളുടെ രീതി. മൂന്നാറിലെ ജനവാസ മേഖലകൾക്കരികിലേക്ക് കാട്ടുപട്ടികളുടെ സാന്നിധ്യമുണ്ടായാൽ അത് മൃഗങ്ങളെ വളർത്തുന്ന തൊഴിലാളികൾക്ക് വെല്ലുവിളിയാകും.

✪✪✪

പഞ്ചാബിലെ ഇതിഹാസ മാരത്തൺ ഓട്ടക്കാരൻ ഫൗജ സിംഗിന്റെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു. അതുല്യ വ്യക്തിത്വവും ദൃഢനിശ്ചയവും കൊണ്ട് അസാധാരണനായ അദ്ദേഹം യുവ ശാരീരികക്ഷമതയുടെ പുതിയ പാഠങ്ങൾ നൽകി പ്രചോദിപ്പിച്ചതായി സാമൂഹിക മാധ്യമ പോസ്റ്റിൽ നരേന്ദ്ര മോദി പറഞ്ഞു. ഫൗജ സിംഗിന്റെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ സർവകലാശാലയുടെ ഔദ്യോഗികചിഹ്നവും പേരും ദുരുപയോഗം ചെയ്യുന്ന സൈബർ കുറ്റവാളികൾ ക്കെതിരെ ജാഗ്രത പാലിക്കണമെന്ന് സർവകലാശാല വാർത്താകുറിപ്പിൽ അറിയിച്ചു. ഔദ്യോഗിക വെബ് സൈറ്റ്, ഔദ്യാഗിക വാട്സ് ആപ്, മുഖ്യധാരാ മാധ്യമങ്ങൾ എന്നിവ വഴി മാത്രമാണ് വിവരങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്നതെന്ന് സർവ്വകലാശാല വ്യക്തമാക്കി.

✪✪✪

വിദ്യാഭ്യാസം കേവലം വിഷയ പഠനം മാത്രമല്ല, ജീവിത പഠനമാണെന്ന് മുൻ മന്ത്രി പ്രൊഫ. C രവീന്ദ്രനാഥ് അഭിപ്രായപ്പെട്ടു. കാസർകോട് പരപ്പ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്ക്കൂളിൽ വിഷൻ 2030 ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു രവീന്ദ്രനാഥ്.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ രാജ്യാന്തര ചലച്ചിത്ര മേള സംഘാടക സമിതി യോഗം വൈകീട്ട് മാനാഞ്ചിറ സ്പോർട്സ് കൗൺസിൽ ഹാളിൽ ചേരും. മന്ത്രി A.K ശശീന്ദ്രൻ, മേയർ ഡോ. ബീന ഫിലിപ്പ്, ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ, തുടങ്ങിയവർ പങ്കെടുക്കും. ഓഗസ്റ്റ് എട്ട് മുതൽ 11 വരെയാണ് കോഴിക്കോട്ടെ പ്രാദേശിക രാജ്യാന്തര ചലച്ചിത്രമേള.

✪✪✪

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മലപ്പുറം മുതൽ കാസർഗോഡ് വരെ അഞ്ചു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ച വരെ മീൻപിടുത്തത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

വ്യോമയാന മേഖലയിലെ വനിതാ ജീവനക്കാർ തങ്ങൾ നേരിടുന്ന പ്രശ്നങ്ങളിൽ സംസ്ഥാന വനിതാ കമ്മീഷൻ നാളെ ഉച്ചയ്ക്ക് ഹിയറിംഗ് സംഘടിപ്പിക്കും. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലാണ് ഹിയറിംഗ്. കമ്മീഷൻ ചെയർപേഴ്സൺ P. സതീദേവി ഉദ്ഘാടനം ചെയ്യും.

കമ്മീഷൻ അംഗങ്ങളായ എലിസബത്ത് മാമൻ മത്തായി, ഇന്ദിര രവീന്ദ്രൻ, V.R മഹിളാമണി, P കുഞ്ഞായിഷ തുടങ്ങിയവർ സിറ്റിംഗിൽ പങ്കെടുക്കും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: നിഷിത കുമാരി*
*NRTs: അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*